**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പി & റ്റി കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഭവന സമുച്ചയം നിർമ്മിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാധാ) നം.2862/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 08.11.2018**

========================================================

പരാമർശം:- 1. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 14.08.2018, 31.08.2018, 25.09.2018 തീയതികളിലെ 4297/പി.എൽ.1/2017/ജിസിഡിഎ നമ്പർ കത്ത്.

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22.10.2018 തീയതിയിലെ LM/EW/GCDA/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചി നഗരത്തിന്റെ ഹൃദയഭാഗത്ത് ശോചനീയമായ ഭൗതിക പശ്ചാത്തലത്തിൽ ജീവിതം നയിച്ചുവരുന്ന പി ആന്റ് ടി കോളനിയിലെ 85 കുടുംബങ്ങളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് , കൊച്ചി നഗരസഭ പരിധിയിലുള്ള രാമേശ്വരം വില്ലേജിലെ സർവ്വേ നമ്പർ 485, 488 എന്നിവയിലുൾപ്പെട്ട വിശാല കൊച്ചി വികസന അതോറിറ്റി വക 70 സെന്റ് സ്ഥലത്ത് രണ്ടു ബ്ലോക്കുകളിൽ നാലു നിലകളിലായി 88 ഭവനങ്ങൾ സാധ്യമാകുന്ന ഭവന സമുച്ചയം നിർമ്മിക്കാൻ അനുമതിക്കായി പരാമർശം (1) പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

2 . സർക്കാർ ഇക്കാര്യം പരിശോധിച്ചു ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി നഗരസഭ പരിധിയിൽ ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള രാമേശ്വരം വില്ലേജിലെ 485, 488 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 70 സെന്റ് ഭൂമിയുടെ ഉടമസ്ഥത ജിസിഡിഎയിൽ നിലനിർത്തി പി & റ്റി കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഭവന സമുച്ചയം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ